ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് 13-12-1999-ലെ ജി.ഒ.(ആർ.ടി.)5656/99/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് *അനുബന്ധമായി വരുന്നു)

കോണത്തുകുന്നിലും കല്ലേറ്റുംകരയിലും പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന നടപടി

52 (1520) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ കോണത്തുകുന്നിലും കല്ലേറ്റുംകരയിലും പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന നടപടി എവിടെവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) ഇപ്പോൾ പരിഗണനയിലില്ല.

പോലീസ് സ്റ്റേഷൻ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ

53 (1521) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസും എക്സൈസും പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളായി പോലീസ് സ്റ്റേഷൻ പരിസരത്ത് തന്നെ ഇട്ടിരിക്കുന്നതിന്റെ ഫലമായി തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ലക്ഷക്കണക്കിന് രൂപയുടെ വാഹനങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് ഔട്ട്പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി

54 (1522) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ മൊട്ടമൂട് കേന്ദ്രമായി ഒരു പോലീസ് ഔട്ട്പോസ്റ്റ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) സാമൂഹ്യവിരുദ്ധ ശല്യം കൂടുതലായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ മൊട്ടമൂട്ടിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി)&(സി) പരിശോധിച്ചു വരുന്നു.

പുതിയ പോലീസ് സ്റ്റേഷനുകൾ

55 (1523) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ;

(ബി) ഈ ഗവൺമെന്റ് പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടതനുസരിച്ച് പോലീസ് സ്റ്റേഷനുവേണ്ടി പ്രവർത്തനസജ്ജമായ കെട്ടിടം ഉറപ്പാക്കിക്കഴിഞ്ഞ ശ്രീകാര്യം സ്റ്റേഷൻ കഴിയും വേഗം അനുവദിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) സ്ഥലത്തെ ജനസാന്ദ്രത, ക്രിമിനൽ കേസ്സുകളുടെ എണ്ണം, ക്രമസമാധാന പ്രശ്നങ്ങളുടെ ബാഹുല്യം എന്നിവ കണക്കിലെടുത്ത് നിലവിലുള്ള പോലീസ് സ്റ്റേഷനുകൾ വിഭജിച്ചാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയതായി 3 പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ പത്ത് സ്ഥലങ്ങൾ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly